മഹാത്മാഗാന്ധി സർവ്വകലാശാല
(സംഗ്രഹം)

ജീവനക്കാര്യം: ബഹു. സുപ്രീം കോടതിയുടെ SLP നമ്പർ 32409/2015, 32461-62/2015 തീയതി 18.04.2017 പ്രകാരമുള്ള ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

ഭരണവിഭാഗം എ1 സെക്ഷൻ

നം.4763/എ1/1/2017/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിത്സ് 04.08.2017

==========================================================================

സൂചന: 1. ബഹു. കേരള ഹൈക്കോടതിയുടെ 18.08.2015 ലെ റിട്ട് അപ്പീൽ നമ്പർ 1619/2014, 123, 132, 182, 367, 368, 369/2015,WP(C) 7513/2015 വിധിന്യായം.

2. ബഹു. സുപ്രീം കോടതിയുടെ 18.04.2017 ലെ SLP നമ്പർ 32409/2015, 32461-62/2015 ഉത്തരവ്.

3. 17.07.2017 ൽ കൂടിയ സിൻഡിക്കേറ്റ് മീറ്റിംഗിൻെറ തീരുമാനം മിനിറ്റ്സ് ഐറ്റം നമ്പർ 145/17.08/171748.

<u>ഉത്തരവ്</u>

മഹാത്മാഗാന്ധി സർവ്വകലാശാല 12.11.2009 ൽ പ്രസിദ്ധീകരിക്കുകയും 11.11.2012 ൽ ബഹു. ചാൻസിലറുടെ ഉത്തരവിൻ പ്രകാരം കാലഹരണപ്പെടുകയും ചെയ്ത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന വിജയലക്ഷ്മിയേയും, ടോമി തോമസിനേയും മറ്റും ടി റാങ്ക് ലിസ്റ്റിൽ നിന്നും കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമാനുസൃതം ഇടവേള നൽകി നിയോഗിച്ചിരുന്നു. 08.01.2014 ൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനെ തുടർന്ന് 04.03.2014 പ്രാബല്യത്തിൽ ടി ജീവനക്കാരുടെ സേവനം അവസാനിപ്പിച്ച് പിരിച്ചുവിടുകയും ചെയ്തു. ഈ തീരുമാനത്തിന് എതിരേയും സ്ഥിരനിയമനം ആവശ്യപ്പെട്ടും ബഹു. ഹൈക്കോടതിയിൽ WP(C) NOS.6090, 6599, 7325 തുടങ്ങി ഹർജികൾ ഫയൽ ചെയ്യപ്പെട്ടു. അതോടൊപ്പം 08.01.2014 ലെ എംപ്ലോയ്മെൻറ് റാങ്ക് പട്ടികയിൽ ഉൾപ്പെടുകയും നിയമനം ലഭിക്കാതിരിക്കുകയും ചെയ്ത ഒരു ഉദ്യോഗാർത്ഥി WP(C) 1619/2014 പ്രകാരം കാലഹരണപ്പെട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ സ്ഥിരപ്പെടുത്തുന്നതിനെതിരെ ബഹു ഹൈക്കോടതിയിൽ മറ്റൊരു ഹർജിയും ഫയൽ ചെയ്തു. ടി ഹർജികൾ പരിഗണിച്ചുകൊണ്ട് ബഹു. ഹൈക്കോടതി 03.09.2014 ലെ പൊതു വിധിന്യായത്തിലൂടെ പരാതിക്കാർക്കോ എംപ്ലോയ്മെൻറ് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കോ സ്ഥിരം നിയമനത്തിന് അർഹതയില്ലെന്ന് ഉത്തരവിടുകയും ചെയ്തു. ടി ഉത്തരവിനെ ചോദ്യം ചെയ്ത് കാലഹരണപ്പെട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരാതിക്കാർ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ അപ്പീലുകൾ ഫയൽ ചെയ്തു.

ഇതിനിടെ വിജയലക്ഷ്മിയും മറ്റ് മൂന്ന് പേരും റാങ്ക് ലിസ്റ്റിൻെറ കാലാവധി ദീർഘിപ്പിക്കണമെന്നും സ്ഥിരനിയമനം നൽകണമെന്നും ആവശ്യപ്പെട്ട് WP(C) 26602/2012 പ്രകാരം സമർപ്പിച്ച ഹർജിയും 03.09.2014 ലെ ഉത്തരവിലൂടെ ബഹു. ഹൈക്കോടതി തള്ളിയിരുന്നു. ടി ഉത്തരവിനെതിരെ വിജയലക്ഷ്മിയും മറ്റും RP No. 817/2014 പുന:പരിശോധന ഹർജി സമർപ്പിക്കുകയും 22.11.2014 ലെ WP(C) 26602 ഉത്തരവ് പ്രകാരം വിജയലക്ഷ്മിയേയും മറ്റ് മൂന്ന് പേരേയും അസിസ്റ്റൻറ് തസ്തികയിൽ സ്ഥിര നിയമനത്തിന് ഉത്തരവിടുകയും അതിൻ പ്രകാരം അവർക്ക് നിയമന ശുപാർശ നൽകുകയും ചെയ്തു. ഇതിനിടെ, കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ടോമി തോമസും മറ്റ് 47 പേരും WP(C) 34633 ആയി, വിജയലക്ഷ്മിക്ക് നൽകിയ ആനുകൂല്യം ആവശ്യപ്പെട്ട് ഹർജി ഫയൽ ചെയ്യുകയും 19.12.2014 ലെ വിധിന്യായത്തിലൂടെ നിയമാനുസൃതം പരിശോധിച്ച് നടപടി എടുക്കുവാൻ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെയും അപ്പീൽ സമർപ്പിക്കപ്പെട്ടു. വിജയലക്ഷ്മിയേയും മറ്റും നിയമിച്ച ഉത്തരവിനെ ചോദ്യം ചെയ്ത് എംപ്ലോയ്മെൻറ് റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥി ബഹു. ഡിവിഷൻബഞ്ചിനെ വീണ്ടും സമീപിക്കുകയും 22.11.2014 ലെ WP(C) 26602/2012 വിധിന്യായം ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് താൽക്കാലികമായി റദ്ദാക്കുകയും ചെയ്തു. ആയതിനാൽ വിജയലക്ഷ്മിക്കും മറ്റും നിയമന ശുപാർശ നൽകിയിരുന്നെങ്കിലും നിയമന ഉത്തരവ് നൽകിയില്ല.

ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് സൂചന (1) ലെ വിധി ന്യായത്തിലൂടെ ശ്രീ. വിജയലക്ഷ്മിയേയും, ടോമി തോമസിനേയും മറ്റും അസിസ്റ്റൻറ് തസ്തികയിൽ നിയമിക്കുവാൻ നൽകിയ ഉത്തരവുകൾ റദ്ദാക്കി. ഇതിനുശേഷം കേരളത്തിലെ സർവ്വകലാശാലയിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ) ആക്റ്റ് 2015 പുറപ്പെടുവിക്കുകയും അതനുസരിച്ച് ഇപ്പോൾ സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ നിയമനങ്ങൾ നടന്നു കൊണ്ടിരിക്കുകയുമാണ്.

ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിൻെറ 18.08.2015 ലെ ഉത്തരവിനെ ചോദ്യം ചെയ്ത് പരാതിക്കാർ സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ തീർപ്പാക്കി സുചന (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ബഹു. സുപ്രീം കോടതി, SLP നമ്പർ 32409/2015 ലെ ഏതാനും കക്ഷികളെ പരാതിക്കാരായി പരിവർത്തനപ്പെടുത്തുവാനും ഇതു സംബന്ധമായ എല്ലാ SLP കളും (നമ്പർ 32409/2015, 32461-62/2015) തള്ളികളയുവാനും ഉത്തരവായി. നീതിയുടെ പരിരക്ഷാർത്ഥം പരാതിക്കാരുടെ പ്രായം, ഭാവിയിലെ നിയമന നടപടികളിൽ പരിഗണിക്കപ്പെടുന്നതിന് ഒരു തടസമാവരുതെന്നും റെഗുലർ നിയമനം നടക്കുന്ന മുറയ്ക്ക് മാത്രമേ പരാതിക്കാരുടെ സർവ്വീസ് അവസാനിപ്പിക്കാവു എന്നും സുപ്രീംകോടതി ഉത്തരവിൽ സൂച്ചിപ്പിച്ചിരിക്കുന്നു.

ടി വിഷയം വൈസ്-ചാൻസിലറുടെ 01.06.2017 ലെ തീരുമാനപ്രകാരം സിൻഡിക്കേറ്റിൻെറ പരിഗണനയ്ക്ക് സമർപ്പിക്കുകയും സൂചന (3) പ്രകാരം ബഹു. സുപ്രീം കോടതിയുടെ SLP നമ്പർ 32409/2015 32461-62/2015 തീയതി 18.04.2017 പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുവാനും സ്ഥിര നിയമനം ലഭിച്ച് പബ്ലിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് 11.11.2012 ൽ കാലാവധി അവസാനിച്ച അസിസ്റ്റൻറ് ഗ്രേഡ് - II റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് കൂലി വ്യവസ്ഥയിൽ/പ്രൊവിഷണലായി സർവ്വകലാശാലയിൽ തുടരുന്ന പരാതിക്കാർ ഉൾപ്പെടെ എല്ലാവരുടേയും സേവനം അവസാനിപ്പിക്കാനും സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീലത എൻ

അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം) I

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
4. പബ്ലിക് റിലേഷൻസ് ഓഫീസർ
5. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാവിഭാഗം/അക്കാദമികം/ധനകാര്യം)
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
7. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/എസി.സി/ഐ.ക്യൂ.എ.സി.
8. റക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ആജ്ഞാനുസരണം

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ എഡി.എ1-1-415/2016